# Interactive session of Resident Commissioners and Nodal Officers of North-East States with DrRajkumarRanjan Singh, Minister of State for External Affairs

September 10, 2021

---

## വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ റസിഡന്റ് കമ്മീഷണർമാർ, നോഡൽ ഉദ്യോഗസ്ഥർ എന്നിവർ വിദേശകാര്യ സഹമന്ത്രിയായ ഡോ. രാജ് കുമാർ രഞ്ജൻ സിംഗുമായി നടത്തിയ ഇന്ററാക്ടീവ് സെഷൻ

സെപ്റ്റംബർ 10, 2021

ബഹുമാനപ്പെട്ട എംഒഎസ് ഡോ.രാജ്കുമാർ രഞ്ജൻ സിംഗുമായി വടക്കുകിഴക്കൻ മേഖലയിലെ റസിഡന്റ് കമ്മീഷണർമാരുടെ ഒരു സംഭാഷണം, ഇന്ന് സെപ്റ്റംബർ 10 ന് ജവഹർലാൽ നെഹ്റു ഭവനിൽ വിദേശകാര്യമന്ത്രാലയത്തിന്റെ സ്റേറ്റ് ഡിവിഷൻ സംഘടിപ്പിച്ചു. നോർത്ത് ഈസ്റ്റ് റീജിയണിലെ സംസ്ഥാനങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര ഇടപെടൽ, വിദേശകാര്യമന്ത്രാലയത്തിന് എങ്ങനെ സുഗമമാക്കാം എന്ന് നേരിട്ട് മനസ്സിലാക്കുന്ന തരത്തിലുള്ള ആദ്യ മീറ്റിങ് ആണിത്.2021 ഓഗസ്റ്റ് 6 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിശദീകരിച്ച ദർശനം സാക്ഷാത്കരിക്കുന്നപശ്ചാത്തലത്തിൽ ഇത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, ത്രിപുര നാഗാലാൻഡ്, സിക്കിം എന്നിവ ഉൾപ്പെട്ട 8 വടക്കി കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള RC കൾ , നോഡൽ ഉദ്യോഗസ്ഥർ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്റെയും അഭിവൃദ്ധിയുടെയും പ്രധാന കേന്ദ്രമായതിനാൽ വിദേശകാര്യമന്ത്രാലയം യുടെ വടക്കുകിഴക്കൻ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നു സ്വാഗത പ്രസംഗത്തിൽ OSD (സംസ്ഥാനങ്ങൾ)യായ, ശ്രീ സി.രാജശേഖർ ആവർത്തിച്ചു. അതാത് സംസ്ഥാനങ്ങളിലെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് കർമപദ്ധതി തയ്യാറാക്കാൻ സംസ്ഥാനങ്ങളോട് പ്രധാനമന്ത്രി നടത്തിയ ആഹ്വാനം അദ്ദേഹം അനുസ്മരിക്കുകയും ചെയ്തു.

ഓരോ വർഷവും 400 ബില്യൺ ഡോളർ കയറ്റുമതി എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മേഖലയിലേക്ക് വിദേശ നിക്ഷേപം ആകർഷിക്കുന്നതിനുമായി ലോകമെമ്പാടുമുള്ള ഇന്ത്യയുടെ സത്പേര് ക്രിയാത്മകമായി പ്രയോജനപ്പെടുത്തണമെന്ന് വടക്കു കിഴക്കൻ

മേഖലയിലെ സംസ്ഥാനങ്ങളോട് ഡോ.രാജ്കുമാർ രഞ്ജൻ സിംഗ് തന്റെ പ്രത്യേകമായ പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

സെക്രട്ടറി (ER) ശ്രീ ദമ്മു രവി ഉൽപാദനപരമായ സംവാദങ്ങളെ സംഗ്രഹിക്കുകയും അടുത്ത ഘട്ടങ്ങളിലേക്ക് യോഗത്തെ നയിക്കുകയും ചെയ്തു. ഈ വർഷം അവസാനം മണിപ്പൂരിലെ ഇംഫാലിൽ ആദ്യമായി ആരംഭിക്കുന്ന ഒരു നോർത്ത് ഈസ്റ്റ് റൗണ്ട് ടേബിൾ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റിലെയും വിദേശകാര്യമന്ത്രാലയത്തിലെയും മുതിർന്ന ഉദ്യോഗസ്ഥരും അവരുടെ ഉൾക്കാഴ്ചയുള്ള സംഭാവനകളാൽ സെഷൻ സമ്പന്നമാക്കി. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള അന്താരാഷ്ട്ര വ്യാപന ശ്രമങ്ങൾ സുഗമമാക്കുന്നതിന് സ്റ്റേറ്റ്സ് വിഭാഗങ്ങൾ പ്രത്യേകമായി സൃഷ്ടിക്കപ്പെട്ടു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 10, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.